# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2099 18.07.2016 ൽ മറുപടിക്ക്**

**ഹൈവേകളുടെയും റോഡുകളുടെയും സംരക്ഷണവും അറ്റകുറ്റപ്പണികളും**

**ചോദ്യം**

ശ്രീ.കാരാട്ട് റസാഖ്
,, കെ.വി.വിജയദാസ്
,, സി.കൃഷ്ണൻ
,, എസ്..രാജേന്ദ്രൻ

എ) ഹൈവേകളുടെയും റോഡുകളുടെയും സംരക്ഷണവും അറ്റകുറ്റപ്പണികളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**ഉത്തരം**

ശ്രീ ജി സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) ദേശീയപാതയിലെ അതിയായ ഗതാഗത സാന്ദ്രതയും വീതികുറവും അശാസ്ത്രീയമായ അലൈൻമെന്റുമാണ് കൂടെകൂടെയുള്ള അറ്റകുറ്റ പണികൾക്ക് കാരണം. ആയതിനാൽ നിലവിലെ ട്രാഫിക് സാന്ദ്രത കണക്കിലെടുത്ത് എൻ എച്ച് 17 ഉം എൻ എച്ച് 47 ഉം സർവ്വീസ് റോഡുകളോടു കൂടിയ 4 വരിപ്പാതയായും മറ്റ് ദേശീയ പാതകൾ പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരിപ്പാതയായും ശാസ്ത്രീയമായി പഠനം നടത്തി രൂപരേഖയുണ്ടാക്കി വികസിപ്പിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നു. ഈ രീതിയിൽ വികസിപ്പിക്കുമ്പോൾ അറ്റകുറ്റ പണികൾ കുറയുകയും, സുരക്ഷിതമായ റോഡ് ഗതാഗതം ഉറപ്പാക്കാൻ കഴിയുന്നതുമാണ്. കൂടാതെ ദേശീയപാതയിലുണ്ടാകുന്ന അറ്റകുറ്റപണികൾ കേന്ദ്ര സർക്കാരിന്റെ ഓർഡിനറി റിപ്പയർ, ഫ്ലഡ് ഡാമേജ് റിപ്പയർ തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി അപ്പപ്പോൾ പരിഹരിച്ച് ഗതാഗതയോഗ്യമാക്കാറുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ റോഡുകൾ 5 വർഷത്തിലൊരിക്കൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഉപരിതലം പുതുക്കി ബലപ്പെടുത്തി വരുന്നു. റോഡുകളിൽ കാലാകാലങ്ങളിലുണ്ടാകുന്ന അടിയന്തിര സ്വഭാവമുള്ള അറ്റകുറ്റപണികൾ 25 ലക്ഷം രൂപയുടെ താഴെ വരുന്ന പ്രവർത്തികൾക്ക് എസ് റ്റി എഫ് സി(സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി) വഴി തുക അനുവദിച്ച് പരിഹരിച്ചു വരുന്നു. കൂടാതെ റോഡുകളുടെ സംരക്ഷണത്തിനായി കാലവർഷത്തിനു മുന്നോടിയായി പ്രീമൺസൂൺ വർക്കുകൾ ഉൾപ്പെടുത്തി പാച്ച് വർക്കുകളും, വെള്ളക്കെട്ട് ഒഴിവാക്കാൻ

ഓടകളുടെ ശുചീകരണം തുടങ്ങിയ പ്രവർത്തികളും നടപ്പിലാക്കി വരുന്നു.

ബി) സർക്കാർ ഉടമസ്ഥതയിൽ മൊബൈൽ റോഡ് റിപ്പയർ യൂണിറ്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

ബി) പരിഗണിക്കാവുന്നതാണ്.

സി) പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ, നഗരങ്ങളിലെ ഗതാഗതക്കുരുക്കുകൾ പരിഹരിക്കുന്നതിന് സിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമുകളും ജംഗ്ഷൻ നവീകരണവും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ?

സി) കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നഗരങ്ങളിലെ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി നഗര റോഡു വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. കെ ആർ എഫ് ബി ഏറ്റെടുത്ത ആദ്യ പദ്ധതിയായ തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെടുന്ന **42.5** കി.മീ റോഡുകളുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കി. രണ്ടാമതായി ഏറ്റെടുത്ത കോഴിക്കോട് നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെടുന്ന **22.251** കി.മീ റോഡുകളുടെ വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇതു കൂടാതെ കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽ കൂടി ഇത്തരം പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ജംഗ്ഷൻ നവീകരണത്തിനായി സംസ്ഥാന റോഡ് വികസന പദ്ധതിയുടെ ഭാഗമായി അത്യാവശ്യ ഭൂമി ഏറ്റെടുക്കൽ വേണ്ടി വരുന്ന അപ്ഗ്രഡേഷൻ പാക്കേജിൽ **621** കി.മീ റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ